ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:20.08.2025**

## പ്രധാനവാർത്തകൾ

1) 130-ാമത് ഭരണഘടന ഭേദഗതി ബിൽ സംയുക്ത പാർലമെന്ററി സമിതിക്ക് വിട്ട് ലോക്സഭ. ബില്ലിനെതിരെ ശക്തമായ പ്രതിഷേധമുയർത്തി പ്രതിപക്ഷം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

2) 60 വയസിനു മുകളിൽ പ്രായമുള്ള അർഹരായ പട്ടിക വർഗക്കാർക്ക് 1,000 രൂപ വീതം "ഓണസമ്മാന"മായി നൽകാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം.

3) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായ വിദ്യാർത്ഥികൾക്ക് ഓണത്തിന് ഇക്കുറി 4 കിലോഗ്രാം അരി വീതം വിതരണം ചെയ്യുമെന്ന് മന്ത്രി വി ശിവൻകുട്ടി.

4) കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന പതിനൊന്ന് വയസ്സുകാരിക്ക് അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചു.

5) കേരളം സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിച്ചതിൻറെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

6) കേരള ക്രിക്കറ്റ് ലീഗിന് നാളെ തുടക്കം. ഉദ്ഘാടന മത്സരം നാളെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ.

&&&&&&&&&&&&&&&&&&

RNU TVM

## പാർലമെൻറ് (ഇൻട്രോ)

130-ാമത് ഭരണഘടന ഭേദഗതി ബിൽ സംയുക്തമ പാർലമെന്ററി സമിതിക്ക് വിട്ട് ലോക്സഭ. ഭരണഘടന ഭേദഗതി ബിൽ ഉൾപ്പെടെ മൂന്ന് സുപ്രധാന ബില്ലുകൾ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായാണ് ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചത്. (വോയിസ്)

ബില്ലിനെതിരെ അതിരൂക്ഷമായ പ്രതിഷേധമാണ് പ്രതിപക്ഷ അംഗങ്ങളിൽ നിന്നുമുണ്ടായത്. ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് ലഭിച്ചില്ലെന്ന് എൻ. കെ പ്രേമചന്ദ്രൻ എംപി ചൂണ്ടിക്കാട്ടി. പാർലമെൻററി ജനാധിപത്യത്തെ ഹനിക്കുന്ന ബില്ലാണിതെന്ന്, AIMIM അംഗം അസദുദ്ദീൻ ഒവൈസി വിമർശനം ഉന്നയിച്ചു. നിയമനിർമാണ സഭയ്ക്കു മുകളിൽ ഭരണനിർവഹണ സംവിധാനത്തിന് അപരിമിതമായ അധികാരം നൽകുന്ന ബില്ലാണിതെന്ന് കോൺഗ്രസ് അംഗം മനീഷ് തിവാരി പറഞ്ഞു. തുടർന്ന് മൂന്ന് ബില്ലുകളും സംയുക്ത പാർലമെൻററി സമിതിയ്ക്ക് വിടുകയായിരുന്നു. ഓൺലൈൻ ഗെയിമിങ് ബില്ലും ലോക്സഭ ഇന്ന് പാസാക്കി. പ്രതിപക്ഷ പ്രതിഷേധത്തിനിടെ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവാണ് ബിൽ അവതരിപ്പിച്ചത്. ഓൺലൈൻ ഗെയിമിങ്ങിൻറെ സാമൂഹിക, സാമ്പത്തിക പ്രത്യാഘാതത്തിൽ നിന്നും യുവജനങ്ങളെ സംരക്ഷിക്കാൻ ലക്ഷ്യമിടുന്നതാണ് പ്രസ്തുത ബിൽ. വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഒന്നിലേറെ തവണ നിർത്തിവെച്ച ഇരുസഭകളും ബില്ലുകളിന്മേലുള്ള നടപടിക്രമങ്ങൾക്ക് ശേഷം ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&

## മന്ത്രിസഭായോഗ തീരുമാനങ്ങൾ

ലൈഫ് പദ്ധതി പ്രകാരം, നിർമ്മാണ പുരോഗതിയിലുള്ള ഒരു ലക്ഷത്തി 27,601 വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിനായി 1,100 കോടി രൂപ അനുവദിക്കാൻ ഇന്ന് ചേർന്ന സംസ്ഥാന മന്ത്രിസഭായോഗം അനുമതി നൽകി

RNU TVPM

. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പെൻഷൻകാർ ഒഴികെ സംസ്ഥാനത്തെ 60 വയസിനു മുകളിൽ പ്രായമുള്ള അർഹരായ പട്ടിക വർഗക്കാർക്ക് 1,000 രൂപ വീതം ഈ വർഷം "ഓണസമ്മാന"മായി നൽകാനും മന്ത്രിസഭ തീരുമാനിച്ചു. 52,864 പേർക്കാണ് ഇക്കുറി ഓണസമ്മാനം ലഭിക്കുക. സെക്രട്ടേറിയറ്റിലും

വകുപ്പ് കാര്യാലയങ്ങളിലും കുടിശ്ശികയുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് ജൂലൈ 1 മുതൽ ഈ മാസം 31 വരെ നടക്കുന്ന ഫയൽ അദാലത്തിന്റെ പുരോഗതിയും ഇന്ന് ചേർന്ന മന്ത്രിസഭായോഗം വിലയിരുത്തി. ഫയൽ തീർപ്പാക്കലിൽ പുരോഗതി കൈവരിയ്ക്കാത്ത വകുപ്പുകളിൽ ഊർജ്ജിത നടപടികൾ സ്വീകരിക്കാൻ വകുപ്പ് മന്ത്രിമാരെയും, സെക്രട്ടറിമാരെയും ചുമതലപ്പെടുത്താനും തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ എല്ലാ വിദ്യാർത്ഥികൾക്കും ഓണത്തിന് 4 കിലോഗ്രാം അരി വീതം വിതരണം ചെയ്യുമെന്ന് മന്ത്രി വി ശിവൻകുട്ടി. പ്രീ-പ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള 24 ലക്ഷത്തി 77,000-ലധികം കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

&&&&&&&&&&&&&&&&&&

## അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന പതിനൊന്ന് വയസ്സുകാരിക്ക് അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചു. മലപ്പുറം ചേളാരി സ്വദേശിയായ കുട്ടിക്കാണ് രോഗം സ്ഥിരീകരിച്ചത്. കുട്ടി ഇപ്പോൾ മെഡിക്കൽ കോളേജിൽ വെന്റിലേറ്ററിൽ ചികിത്സയിലാണ്. ഇതോടെ, അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് ചികിത്സയിൽ ഉള്ളവരുടെ എണ്ണം മൂന്നായി. നേരത്തെ രോഗം സ്ഥിരീകരിച്ച മൂന്നുമാസം പ്രായമായ

RAJU TVPM

കുഞ്ഞും, നാല്പതുകാരനും തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിൽ തുടരുകയാണ്.അതെസമയം, അമീബിക്ക് മസ്തിഷ്ക ജ്വര പരിശോധന ഫലം ലഭിക്കുന്നതിൽ കാലാതാമസം നേരിടുന്നതായി പ്രചരിക്കുന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - ഡിജിറ്റൽ സാക്ഷരത

സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം. ഈ ചരിത്രനേട്ടത്തിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. 21 ലക്ഷത്തി 87,667 പഠിതാക്കളാണ് മൂല്യനിർണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത കൈവരിച്ചത്. ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടാണ് സംസ്ഥാന സർക്കാർ ഡിജി-കേരളം പദ്ധതി നടപ്പാക്കിയത്.

&&&&&&&&&&&&&&&&&&

## മന്ത്രി എം ബി രാജേഷ്

ദേശീയ നഗര ശുചിത്വ സർവേയിൽ മികച്ച മുന്നേറ്റം നടത്തിയ നഗരസഭകളെ ആദരിക്കുന്ന ശുചിത്വഭേരി 2025 പരിപാടി മന്ത്രി എംബി രാജേഷ് ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ഹരിതമിത്രം 2.0 യുടെ ഔദ്യോഗിക ലോഞ്ചിങ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ ഗ്രേഡിങ് ഉദ്ഘാടനവും എന്നിവയും മന്ത്രി നിർവഹിച്ചു . .മാലിന്യസംസ്കരണത്തെ ആധുനിക സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ നിരീക്ഷിക്കുന്നതിനുള്ള രാജ്യത്തെ ആദ്യ ചുവടുവെയ്പ്പാണ് ഹരിതമിത്രം 2.0 എന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

## ഹൈക്കോടതി - ട്രാൻസ്ജൻഡർ

കോഴിക്കോട് സർക്കാർ ലോ കോളേജിലെ അഞ്ച് വർഷത്തെ ഏകീകൃത എൽ എൽ ബി കോഴ്സുകളിൽ ട്രാൻസ്ജൻഡർ വിഭാഗത്തിന് സംവരണം നൽകുന്നത് സംബന്ധിച്ച് ഹൈക്കോടതി സംസ്ഥാന സർക്കാരിന്റെ നിലപാട് ആരാഞ്ഞു. ലോ എൻട്രൻസ് പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാനുള്ള മാർക്ക് നേടിയ വിദ്യാർത്ഥിയാണ് സംവരണത്തിനായി കോടതി സമീപിച്ചത്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ ലോ കോളേജുകളിലും ട്രാൻസ്ജൻഡർ വിഭാഗത്തിന് സംവരണം അനുവദിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു.

&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനായി എൻഡിഎ സ്ഥാനാർഥി സി.പി രാധാകൃഷ്ണൻ ഇന്ന് നാമനിർദ്ദേശ പത്രിക നൽകി. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെ എൻഡിഎയുടെ മുതിർന്ന നേതാക്കൾക്കൊപ്പമാണ് അദ്ദേഹം പത്രിക സമർപ്പിക്കാനെത്തിയത്. I.N.D.I.A സ്ഥാനാർത്ഥിയായി, സുപ്രീം കോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡി നാളെ പത്രിക നൽകും. . അടുത്തമാസം ഒൻപതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&&&

## പതാക വാഹക സാമ്പത്തിക പദ്ധതി

കേന്ദ്ര സർക്കാരിൻറെ സുപ്രധാന സാമ്പത്തിക പദ്ധതികൾ ജനങ്ങളിലേക്കെത്തിക്കുന്നതിനായി സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി നടത്തിയ പ്രചാരണ പരിപാടികൾ വൻ വിജയത്തിലേക്ക്. ജൂലൈ ഒന്നിന് ആരംഭിച്ച പ്രചാരണ പരിപാടികളുടെ ഭാഗമായി ചൊവ്വാഴ്ച വരെ 555 ഗ്രാമ പഞ്ചായത്തുകളിൽ ബോധവൽക്കരണം നടത്തിയതായി സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ കെ എസ് പ്രദീപ്

PNU TVPM

പറഞ്ഞു. ഇതിലൂടെ 78,039 ജൻധൻ അക്കൗണ്ടുകളാണ് ജൂലൈ ഒന്നു മുതൽ ആരംഭിച്ചത്.

&&&&&&&&&&&&&&&&&&

ഗോവിന്ദച്ചാമിയുടെ ജയിൽചാട്ടം (ഇൻട്രോ)

സൗമ്യ വധക്കേസിലെ പ്രതി ഗോവിന്ദച്ചാമി ജയിൽചാടിയ സംഭവത്തിൽ ഉദ്യോഗസ്ഥർക്ക് പ്രഥമദൃഷ്ട്യാ വീഴ്ച്ച സംഭവിച്ചതായി അന്വേഷണ കമ്മീഷൻ അംഗം റിട്ട. ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായർ. സെല്ലിൻറെ കമ്പി മുറിക്കാൻ ഉപയോഗിച്ച ആയുധത്തിൽ അവ്യക്തതയുണ്ട്. ഗോവിന്ദ ചാമി ജയിൽ ചാടുന്നതിനായി നടത്തിയ ദിവസങ്ങൾ നീണ്ട തയ്യാറെടുപ്പ് ഉദ്യോഗസ്ഥർക്ക് കണ്ടെത്താനായില്ലെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു.

(വോയിസ്)

ഗോവിന്ദച്ചാമിയുടെ ജയിൽചാട്ടം ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ വീഴ്ച മാത്രമല്ല, സംവിധാനത്തിൻറെ കൂടി തകരാറാണെന്ന് കമ്മീഷൻ അംഗമായ മുൻ ഡിജിപി ജേക്കബ് പുന്നൂസ് പറഞ്ഞു.

&&&&&&&&&&&&&&&&&&

ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ

റോഡ് പരിപാലനത്തിലെ വീഴ്ചയെ തുടർന്ന് മലപ്പുറം ജില്ലയിലെ മൂന്ന് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. മഞ്ചേരി ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയർ, പെരിന്തൽമണ്ണ ഉപവിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പെരിന്തൽമണ്ണ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. റണ്ണിംഗ് കോൺട്രാക്ട് പദ്ധതി പ്രകാരം പൊതു ജനങ്ങളിൽ നിന്നും ലഭിച്ച പരാതികൾ അന്വേഷിച്ച ശേഷമാണ് നടപടിയെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

## കേരള സ്കൂൾ ഒളിമ്പിക്സ്

2025-26 ലെ കേരള സ്കൂൾ ഒളിമ്പിക്സിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് മുഖ്യമന്ത്രിയുടെ സ്വർണ്ണക്കപ്പ് നൽകുമെന്ന് മന്ത്രി വി ശിവൻകുട്ടി. സ്കൂൾ ഒളിമ്പിക്സ് സംഘാടക സമിതി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. തിരുവനന്തപുരത്ത് ഒക്ടോബർ 22 മുതൽ 28 വരെയാണ് മേള നടക്കുക.

&&&&&&&&&&&&&&&&&&

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ മട്ടന്നൂരിൽ ആധുനിക സൗകര്യങ്ങളോടെയുള്ള സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 23 കോടി രൂപയുടെ ഡി.പി.ആറിന് അംഗീകാരമായി.
വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.
(വോയ്സ്)

&&&&&&&&&&&&&&&&&&

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗിന് നാളെ തിരുവനന്തപുരത്ത് തുടക്കം. വൈകുന്നേരം 6.30ന് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കെസിഎൽ ബ്രാൻഡ് അംബാസിഡർ മോഹൻലാൽ പങ്കെടുക്കും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2.30 ന് നിലവിലെ ചാമ്പ്യൻമാരായ ഏരീസ് കൊല്ലം സെയ്ലേഴ്സും, റണ്ണേഴ്സ് അപ്പായ കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസും തമ്മിലാണ് ഉദ്ഘാടന മത്സരം. സെപ്റ്റംബർ ഏഴിനാണ് ഫൈനൽ. സഞ്ജു സാംസൺ ഇത്തവണ കൊച്ചിയ്ക്ക് വേണ്ടി കളിക്കുന്നുണ്ട്.

RHU TVPM

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&